പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2758** **06.11.2019-ൽ മറുപടിയ്ക്ക്**

## ഭൂമി നൽകിയതിന് പകരം തൊഴിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ.രാമചന്ദ്രൻ** | | **അഡ്വ.കെ.രാജു**<br>**(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | കേരള ഫീഡ്സ്, കരുനാഗപ്പള്ളി യൂണിറ്റിന് വേണ്ടി ഭൂമി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് താത്ക്കാലികമായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | എ) | കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലുള്ള ഫാക്ടറിക്ക് വേണ്ടി സ്ഥലം വിട്ടുനൽകിയവർ, അഥവാ അവരുടെ നോമിനികളായ 30 പേർക്ക് താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ കമ്പനിയിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ 29 പേർ ജോലി ചെയ്യുന്നുണ്ട്. |
| ബി) | ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ; | ബി) | കേരള ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റിനായി സ്ഥലം വിട്ടുനൽകിയവർ / അവരുടെ നോമിനികൾക്ക് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസുകളുടെ നിലവിലെ സ്ഥിതി, കമ്പനിയിൽ ഇതുവരെ തൊഴിൽ ലഭിച്ചവരുടെ തൊഴിൽ സംബന്ധമായ വിശദാംശങ്ങൾ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റിക്വസിഷൻ അധികാരി തയ്യാറാക്കിയിട്ടുള്ളതും ലാന്റ് അക്വസിഷൻ ഓഫീസർ അംഗീകരിച്ച് അവാർഡിന്റെ ഭാഗമാക്കിയതുമായ സെറ്റിൽമെന്റ് പാക്കേജുകൾ എന്നിവ ലഭ്യമാക്കി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദീകരിക്കുമോ; | സി)<br>&<br>ഡി) | നിലവിലുള്ള നിയമപ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്നിവ മുഖേന മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു. കൂടാതെ, ഫാക്ടറിക്ക് വേണ്ടി സ്ഥലം വിട്ട് നൽകിയവരെ അല്ലെങ്കിൽ അവരുടെ നോമിനികളെ പരിഗണിക്കണമെങ്കിൽ അവരുടെ നിലവിലെ വിദ്യാഭ്യാസ യോഗ്യത, വയസ്, മറ്റ് യോഗ്യതകൾ എന്നിവയിൽ ഇളവ് അനുവദിക്കേണ്ട കേസുകളുമുണ്ട്. ആയതിനാൽ ഇത് ഒരു പ്രത്യേക കേസായി സർക്കാർ പരിശോധിച്ചു വരുകയാണ്. |
| ഡി) | എത്രയും വേഗം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ കമ്പനിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ